-ാം വർഷം 9
2025
ഏപ്രിൽ 06
നോമ്പ് ആറാം ഞായർ



Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# നല്ലിടയൻ

ഉത്പ 19:15-26, ജോഷ്വാ 21:43-22:5, റോമാ 14:13-23, യോഹ 10:11-18

ആടുകൾക്കു വേണ്ടി ജീവനർപ്പിക്കുന്ന നല്ല ഇടയനാണ് ഇന്നത്തെ ചിന്താവിഷയം. ഈ വചനഭാഗത്തുള്ള മൂന്നു വാക്കുകളിൽ നമുക്ക് ശ്രദ്ധിക്കാം.

നല്ലിടയൻ

"ഞാൻ നല്ല ഇടയനാണ്" (യോഹ 10:11).

നമ്മുടെ എല്ലാവരുടെയും മനസ്സിൽ എപ്പോഴെങ്കിലുമൊക്കെയായി പ്രതിഷ്ഠനേടിയ യേശുവിന്റെ ഇഷ്ടരൂപങ്ങളിൽ ഒന്ന് നല്ലിടയന്റെ രൂപമായിരിക്കും. കുഞ്ഞാടിനെ ഹൃദയത്തോട് ചേർത്തുപിടിച്ചു കാതിൽ കിന്നാരം ചൊല്ലുന്ന ദൈവം; അല്ലെങ്കിൽ ആടിനെ തോളത്തെടുത്ത് ആട്ടിൻ പറ്റത്തെ ഇടയവടി കൊണ്ടു മേയിച്ചു നടന്നുപോകുന്ന യേശു; അതുമല്ലെങ്കിൽ മുൾച്ചെടിയിൽ പെട്ടുപോയ കുഞ്ഞാടിനെ കൈയെത്തിപ്പിടിക്കുന്ന ഇടയൻ....

ഇടയസങ്കല്പങ്ങളൊന്നും അത്ര പരിചിതമല്ലാത്ത ചുറ്റുപാടുകളിൽ നിന്നുള്ളവരാണ് നമ്മളിൽ ഏറിയ പങ്കും. എന്നിട്ടും, കർത്താവാണ് എന്റെ ഇടയൻ എന്ന സങ്കീർത്തനവചനമല്ലേ ഓർമ്മയിൽ ആദ്യം വരുന്നത്? ദൈവത്താൽ ഞാൻ പരിപാലിക്കപ്പെടുന്നു എന്നത് എന്റെ ആത്മാവിന്റെ ആനന്ദമാണ്, അവകാശമാണ്, അഭിമാനമാണ്. മനുഷ്യനായിരിക്കുന്നിട ത്തോളം കാലം ആത്മാവ് കൊതിയോടെ ആഗ്രഹിച്ചു നോക്കി പാർത്തിരിക്കുന്ന അനുഭവമാണ് ഇടയനെ അനുപദം അനുഗമിക്കുന്ന, അവന്റെ തോളിൽ തല ചായ്ച്ചിരിക്കുന്ന, ആ നെഞ്ചോട് ചേർന്ന് ചൂട് പറ്റിയുറങ്ങുന്ന കുഞ്ഞാടായിത്തീരുക എന്നത്. തെറ്റിപ്പോയാലും, വഴി മാറി ഓടിയകന്നാലും എന്നെ തേടി എന്റെ ഇടയൻ വരും എന്നത്, ഏത് മുൾച്ചെടികൾക്കിടയിൽ കൊമ്പുടക്കി കിടന്നാലും, പാറയിടുക്കിൽ വീണ് കാലൊടിഞ്ഞാലും എനിക്ക് പ്രതീക്ഷ നൽകുന്നു. കാരണം അവൻ എന്നെ ഉപേക്ഷിക്കുകയില്ല. എത്ര വലിയ ആപത്തിലും



സിസ്റ്റർ സോജ മരിയ സി.എം.സി.

അവൻ എന്നെ കൈവിടുകയില്ല. വഴി കാണിച്ചുതരാം എന്ന വാഗ്ദാനവുമായി കടന്നുവന്ന പലരും വഴിമുടക്കികളായിരുന്നു; പ്രകാശഗോപുരങ്ങൾ എന്നു പറഞ്ഞ് അവതരിച്ച പലരും കരിന്തിരി കത്തി തീർന്നു; ഇടയവേഷത്തിൽ വന്ന പലരും മുഖംമൂടിയണിഞ്ഞ ചെന്നായ്ക്കളായിരുന്നു; സത്യത്തിന്റെ പ്രവാചകരായിവന്നവർ കാര്യലാഭത്തിനായി സത്യത്തിനു തന്നെ വിലപേശി, കൈകഴുകി മാറിനിന്നു; സ്നേഹത്തിന്റെ ആൾരൂപങ്ങൾ വഞ്ചനയുടെ നാടകമാടി കയ്യടി നേടാൻ ശ്രമിച്ചു; ശുശ്രൂഷ കരായി കടന്നുവന്നവർ പലരും സ്വാർത്ഥതയുടെ പ്രതിരൂപങ്ങളായിരുന്നു. പറഞ്ഞ വാക്ക് മാറ്റിപ്പറയാത്തവൻ, തിരുത്തി പറയാത്തവൻ, അതുതന്നെ പറഞ്ഞുകൊണ്ടേയിരിക്കുന്നവൻ യേശുക്രിസ്തു മാത്രമാണ്. അജഗണ ങ്ങൾക്കുവേണ്ടി ജീവൻ അർപ്പിച്ചവൻ ഇന്നും എന്നും അത് തുടരുകയാണ്. അവൻ തന്റെ വാക്ക് മാറ്റിയിട്ടില്ല, തന്റെ ആടുകളെ വഞ്ചിച്ചിട്ടില്ല, എന്തൊക്കെ സംഭവിച്ചിട്ടും അവൻ ആടുകളെ ഉപേക്ഷിച്ചുപോയിട്ടില്ല. ഇന്നും സഭ നല്ലയിടയന്റെ പിന്നാലെ അവനെ അനുഗമിച്ചു യാത്ര തുടരുന്നു.

പഴയ നിയമത്തിൽ ദൈവിക സ്നേഹത്തിന്റെയും പരിപാലനയു ടെയും നൈരന്തര്യം വ്യക്തമാക്കാനാണ് മിക്കവാറും, കർത്താവ് ഇടയനാണ് എന്ന വചനം ഉപയോഗിക്കുന്നത്. ഇടയന്റെ ജീവിതഗതി നിർണ്ണയിക്കുന്നത് ആടുകളുടെ ആവശ്യങ്ങളാണ്. ഊണിലും ഉറക്കത്തിലും രാത്രിയിലും പക ലിലും അയാൾ ആടുകൾക്കൊപ്പമാണ്. എത്ര വളർന്നാലും ഇടയനില്ലാതെ ആടുകൾക്ക് ജീവിതമില്ല. ആദിമാതാപിതാക്കളുടെ പുത്രനായ ആബേൽ മുതൽ പഴയനിയമ നേതാക്കന്മാർ എല്ലാവരും തന്നെ ഇടയന്മാരായിരുന്നു. അബ്രഹാം, മോശ, ദാവീദ്, ഗോത്രപിതാക്കന്മാർ, പട്ടിക നീളുന്നു. പക്ഷെ ജീവൻ ബലി നൽകി ആടിനെ സംരക്ഷിച്ച ഇടയൻ പുതിയനിയമത്തിന്റെ സമ്മാന മാണ്. ഇന്നും, ഇപ്പോഴും ആത്മാവിൽ നമുക്ക് നല്ലിടയന്റെ ചൂളംവിളി കേൾക്കാം, അവൻ കാണിച്ചുതരുന്ന മാർഗത്തിലൂടെ നടന്ന് പച്ചയായ പുൽമേട്ടിലേക്ക്, സ്വച്ഛമായ ജലാശയത്തിലേക്ക് യാത്രയാകാം.

ആടിന്റെ ചൂരുള്ള ഇടയന്മാരാണ് ഇന്നിന്റെ ആവശ്യം -ഫ്രാൻസിസ് പാപ്പയുടെ ഈ വാക്കുകൾ അടുത്തകാലത്ത് ഏറ്റവും കൂടുതൽ ആവർ ത്തിച്ചു നാം കേട്ടിരിക്കുന്നു. കുടുംബത്തിൽ, സമൂഹത്തിൽ, ജോലിയിട ങ്ങളിൽ, ഇടവകയിൽ ഞാനും നീയും ഇടയന്മാരാണ്. നല്ലിടയനോ? അതോ കൂലിക്കാരനോ? നല്ലിടയനെങ്കിൽ നീ ജീവനർപ്പിക്കും,നിന്റെ ആടുകളെ അന്വേഷിച്ചു പോകും, കണ്ടെത്തുവോളം. കൂട്ടിരിക്കും, കൂടെ നടക്കും. ആരെയും പാതിവഴിയിൽ കൈവിടില്ല.

## അറിയുക

"ഞാൻ എനിക്കുള്ളവയെയും എനിക്കുള്ളവ എന്നെയും അറിയുന്നു" (യോഹന്നാൻ 10:14).

ദൈവം എന്നെ അറിയുന്നു. അറിയുക എന്ന വാക്കിന്റെ ഗുരുത്വാകർഷണം ജീവിതത്തിന്റെ കേന്ദ്രമായ ദൈവത്തിലേക്ക് നമ്മെ ബന്ധിച്ചിടുകയാണ്. എനിക്കുപോലും അജ്ഞാതമായ എന്റെ രഹസ്യങ്ങൾ, ആരോടും പറയാത്ത മൗനനൊമ്പരങ്ങൾ, ഉള്ളിൽ അടുക്കിവച്ചിരിക്കുന്ന കട്ടക്കലിപ്പുകൾ, രക്തം കിനിയുന്ന ഉണങ്ങാത്ത മുറിവുകൾ, എന്നിലെ ഞാൻ, എനിക്കുള്ളിലെ മുഖംമൂടികൾ എല്ലാം അറിയുന്നു. എന്നെ, എന്നെക്കാൾ നന്നായി, പൂർണ്ണമായി അറിയുന്ന ഒരാൾ. അതുകൊണ്ടാണ് അവൻ എപ്പോഴും എന്നെ കരുതുന്നത്, എല്ലാം ക്ഷമിക്കുന്നത്, ഒരിക്കലും കുറ്റപ്പെടു ത്താത്തത്, എന്റെ കൂടെ ആയിരിക്കുന്നത്. അറിയില്ലാത്തതുകൊണ്ടാണ് എനിക്ക് അപരനോട് ക്ഷമിക്കാൻ പറ്റാത്തത്, കരുതാൻ പറ്റാത്തത്, അപരനെ കുറ്റപ്പെടുത്തുന്നത്, ഞാൻ സ്വാർത്ഥയായിത്തീരുന്നത്. എന്നെത്തന്നെ അറിയില്ല, ദൈവത്തെ അറിയില്ല, സഹോദരനെ അറിയില്ല. അറിയുമായിരു ന്നെങ്കിൽ മധുവിനെ തല്ലിക്കൊല്ലുമായിരുന്നോ; നിർഭയയെ വകവരുത്തു മായിരുന്നോ; സിറിയയിലെ കുഞ്ഞുങ്ങൾക്ക് നാടുവിടേണ്ടിവരുമായിരുന്നോ; മാതാപിതാക്കൾ തെരുവിൽ ഉപേക്ഷിക്കപ്പെടുമായിരുന്നോ?

ഒരേ കൂരക്ക് കീഴെ ഒന്നിച്ചുണ്ട്, ഒന്നിച്ചുറങ്ങിയാണ് താമസം, വർഷങ്ങളായി. എന്നിട്ടും ഒരെത്തുംപിടിയും കിട്ടുന്നില്ലല്ലോ, ഇവളെന്തിനാ ഇന്ന് ഈ മോന്ത വീർപ്പിച്ചിരിക്കുന്നതെന്ന്? ഇയാളെന്തിനാ അനിഷ്ടം കാണിക്കുന്നതെന്ന്? മകളെന്തിനാ വീട് വിട്ടുപോയതെന്ന്? മകനെന്തിനാ ആത്മഹത്യക്ക് ശ്രമിച്ചതെന്ന്? അറിയണം. ദൈവത്തെ, കൂടെ കഴിയുന്നവരെ, സഹോ ദരങ്ങളെ, മനുഷ്യനെ, പ്രകൃതിയെ, പ്രപഞ്ചത്തെ, തന്നെത്തന്നെ. അപ്പോൾ മനസ്സ് ശാന്തമാകും, പിന്നെ, ആരെയും പഴിക്കാനുണ്ടാവില്ല, വിധിക്കാനു ണ്ടാവില്ല, എല്ലാവരെയും ചേർത്തുപിടിച്ച് സ്നേഹിക്കാനേ കഴിയൂ.

## സ്വമനസ്സാ നൽകുക

'ആരും എന്നിൽനിന്ന് അതു പിടിച്ചെടുക്കുകയല്ല, ഞാൻ അതു സ്വമനസ്സാ സമർപ്പിക്കുകയാണ്. (യോഹന്നാൻ 10:18). കുരിശുമരണത്തെ കുറിച്ചാണ് ഈശോ പറയുന്നത്. സഹനത്തിലേക്ക്, കുരിശിലേക്ക്, വേദനയിലേക്ക്, പീഡകളിലേക്ക് സ്വമനസ്സാലെ നടന്നടുക്കുന്ന മനുഷ്യപുത്രൻ. പീലാത്തോസും പുരോഹിതപ്രമുഖന്മാരും കരുതി അവർ യേശുവിനെ വിധിച്ചു എന്ന്, പടയാളികൾ കരുതി തങ്ങൾ യേശുവിനെ കുരിശിൽ തറച്ചു കൊന്നു എന്ന്, യൂദാസ് കരുതി മുപ്പത് വെള്ളിക്കാശിന് താൻ ഗുരുവിനെ ഒറ്റി എന്ന്. പക്ഷെ, അവർക്കു മനസ്സിലായില്ല, യേശു സ്വയം ഏൽപ്പിച്ചു കൊടുത്തതാണെന്ന്. അതിനാലായിരിക്കണം ബന്ധിക്കാൻ എത്തിയ വരോട് ഞാനിവിടെയുണ്ട് എന്ന് അവൻ വിളിച്ചുപറഞ്ഞത്, കൂടെയുള്ളവരെ വിട്ടേക്ക് എന്ന് ആവശ്യപ്പെട്ടത്, ന്യായാധിപസംഘങ്ങൾക്കു മുൻപിൽ നിശബ്ദനായത്, കുരിശിനെ സ്നേഹത്തോടെ ആശ്ലേഷിച്ചത്, ആണികളിലേക്ക് കൈകാലുകൾ നീട്ടി കൊടുത്തത്, ദ്രോഹിച്ചവരോട് നിരുപാധികം ക്ഷമിച്ചത്, അവർക്കുവേണ്ടി പ്രാർഥിച്ചത്, സ്വസ്ഥതയോടെ മരിച്ചത്.

സഹനങ്ങളിൽ സ്വയം നൽകുന്ന, വേദനകളിലേക്ക് സ്വമനസ്സാലെ പ്രവേശിക്കുന്ന ആത്മീയ സംസ്കാരമാണ്, ഇവൻ സത്യമായും ദൈവ പുത്രൻ ആണ് എന്ന ഏറ്റുപറച്ചിലുകൾക്ക് കളമൊരുക്കുക. സഹനങ്ങളിൽ സമർപ്പണം ചെയ്യുന്നവരുടെ നെഞ്ചുകുത്തിപ്പിളർന്നാലും അവിടെനിന്ന് സ്നേഹത്തിന്റെ നിലക്കാത്ത പ്രവാഹമേ ഉണ്ടാകൂ; സൗഖ്യത്തിന്റെ സാഗരമേ ഉത്ഭവിക്കൂ. അപ്പോൾ കണ്ടുനിൽക്കുന്നവർ

വിളിച്ചുപറയും: സത്യ മായും ഇവൻ/ ഇവൾ ദൈവപുത്രൻ/പുത്രിതന്നെ. ദൈവഹിതപ്രകാരം, അപരനുവേണ്ടി സ്വയം മനസ്സായി ജീവിതം നൽകുന്നവരാണ് വിശുദ്ധർ.

ഈ സ്വയം നൽകലിൽ പൂർണ്ണ സ്വാതന്ത്ര്യമാണ്, സന്തോഷമാണ്, സംതൃപ്തിയാണ്. ആർക്കും അവരെ തോല്പിക്കാനാവില്ല. ചിലപ്പോൾ അനന്തമായി നീണ്ടുനിൽക്കുന്ന സഹന ങ്ങളിലേക്കു പോലും സ്വയം നൽകി ജീവിതത്തിന് അർത്ഥം കണ്ടെത്തുന്നവർ നമ്മുടെ അപ്പനും അമ്മയും തുടങ്ങി നമുക്ക് ചുറ്റുമൊക്കെ എത്രയോ പേർ, ഞാൻ എന്നെത്തന്നെ, വേദനിക്കാനായി വിട്ടുനൽകുന്നു; ഇതിന് ഒരേ ഒരു കാരണ മേയുള്ളൂ, ഞാൻ നിങ്ങളെ സ്നേഹിച്ചു, അവസാനം വരെ സ്നേഹിച്ചു എന്ന്.

എന്റെ ജീവിതസഹനങ്ങളിൽ ഈ സ്വയം നൽകൽ ഞാനും പരിശീലി ക്കേണ്ടിയിരിക്കുന്നു. ചില കാര്യങ്ങൾ അങ്ങനെയാണ്, മീൻ വേകുന്നതു പോലെ. തിളച്ചുമറിയുന്ന മുളകു വെള്ളത്തിൽ കിടന്ന് പൊള്ളി, വെന്തു പാക മാകണം. അപ്പോഴേ രുചിയു ണ്ടാവൂ. ഇടക്ക് കുതറരുത്, ഇറങ്ങി ഓടരുത്. കേൾക്കാൾ അത്ര സുഖമുള്ള രോഗങ്ങളൊന്നും ആയിരുന്നില്ല ആ ചെറുപ്പ ക്കാരി കന്യാസ്ത്രീയ്ക്ക്, ഒന്നു മാറുമ്പോൾ മറ്റൊന്ന്. വേദനയുടെ നീണ്ട മണിക്കൂറുകൾ. ”അൽഫോൻസാ, നീ ഈ വേദനയുടെ സമയങ്ങളിൽ എന്ത് ചെയ്യുകയാണ്?” ഗുരുവച്ചന്റെ ചോദ്യ ത്തിന് സന്തോഷത്തോടെ അവൾ ഉത്തരം പറഞ്ഞു: ”ഞാൻ സ്നേഹിക്കു കയാണ്.””സഹനം തരൂ എന്ന് വിശുദ്ധർ പ്രാർത്ഥിച്ചിരുന്നു എന്ന് കേട്ടപ്പോൾ ആദ്യമൊക്കെ അവിശ്വസനീയമായി തോന്നി. പക്ഷെ, ഇപ്പോൾ അതിന് വല്ലാത്ത ആഴം ഉള്ളതുപോലെ. സഹന ങ്ങളെ, വേദനകളെ സ്വാഗതം ചെയ്യാൻ പറ്റുന്ന ഒരു മനസ്സ്. അത് സത്യമാ യിട്ടും ഈശോയുടെ മനസ്സാണ്.

ദൈവമേ, സ്നേഹിക്കുന്നതു കൊണ്ട് സഹിക്കാൻ, സഹനങ്ങളിലേക്ക് സ്വയം നൽകാൻ, വേദനകൾ ഏറ്റെടു ത്തുകൊണ്ടു സ്നേഹിക്കാൻ എന്നെ പഠിപ്പിക്കണമേ. ആമ്മേൻ



▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com